ഭരണഭാഷ മാതൃഭാഷ

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ.ജി4/37273/13.

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 24.04.2014.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - 100-ാമത് അഖിലേന്ത്യാ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റ് - മെയ് 2014 സമയക്രമ പട്ടിക അറിയിക്കുന്നത് - സംബന്ധിച്ച് -

സൂചന:- 05/03/2013 -ലെ ഡി.ജി.ഇ.റ്റി. 18013/01/2014-TTC നമ്പർ കത്ത്.

*******

2014 മെയ് മാസം 21-ാം തീയതി മുതൽ ആരംഭിക്കുന്ന 100-ാമത് അഖിലേന്ത്യാ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റുമായി ബന്ധപ്പെട്ട് ഹാൾടിക്കറ്റ് നൽകുന്നതു മുതൽ ഫലപ്രഖ്യാപനം വരെയുള്ള വിവിധ ഘട്ടങ്ങൾക്ക് ഓരോന്നിനും ചുവടെ ചേർത്തിട്ടുള്ള സമയക്രമപട്ടിക പാലിക്കേണ്ടതാണ്.

| ക്രമ നം. | ഘട്ടങ്ങൾ | നിശ്ചയിച്ചിട്ടുള്ള തീയതി |
|---|---|---|
| 1. | ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും ആർ.ഐ.സെന്ററുകൾക്കും ഐ.ടി.ഐ.കൾക്കും ഹാൾ ടിക്കറ്റ് വിതരണം | 12/05/2014 |
| 2. | ആർ.ഐ.സെന്ററുകളിൽ നിന്നും ഐ.ടി.ഐ.കളിൽ നിന്നും ട്രെയിനികൾക്ക് ഹാൾടിക്കറ്റ് വിതരണം | 17/05/2014 |
| 3. | ചോദ്യക്കടലാസ്സുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നത്. | നിശ്ചിത ദിവസം പരീക്ഷ ആരംഭിക്കുന്നതിനു ഒരു മണിക്കൂർ മുമ്പായി ബന്ധപ്പെട്ട ബാങ്ക് ശാഖയിൽ നിന്നും ചീഫ് നേരിട്ട് കൈപ്പറ്റണം. |
| 4. | പരീക്ഷാ കേന്ദ്രങ്ങൾ തയ്യാറാക്കൽ | 20/05/2014 |
| | (1) എഴുത്തു പരീക്ഷകൾ<br>(2) പ്രാക്ടിക്കൽ പരീക്ഷ | 21/05/14 മുതൽ 23/05/14 വരെ<br>26/05/14 മുതൽ 28/05/14 വരെ |
| 5. | 'ബി' 'സി' ഫാറങ്ങൾ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ട അവസാന തീയതി | 30/05/14 |
| 6. | ഉത്തരക്കടലാസ്സുകൾ മൂല്യ നിർണ്ണയ കേന്ദ്രമായ കഴക്കൂട്ടം(വ) ഐ.ടി.ഐ.യിൽ എത്തിക്കേണ്ട അവസാന തീയതി | 30/05/14 |
| 7. | ഫാൾസ് നമ്പറിംഗ് | 04/6/14 മുതൽ 5/06/14 വരെ |
| 8. | മൂല്യ നിർണ്ണയം | 9/06/14 മുതൽ 13/06/14 വരെ |
| 9. | റീ നമ്പറിംഗ് | 17/6/14 മുതൽ 18/6/14 വരെ |
| 10. | മൂല്യ നിർണ്ണയ കേന്ദ്രത്തിൽ നിന്നും മാർക്ക് ലിസ്റ്റ്, എ ഫോം, കൗണ്ടർ ഫോയിൽ എന്നിവ ഡയറക്ടറേറ്റിൽ എത്തിക്കുന്നത് | 20/06/14 |
| 11. | ടാബുലേഷൻ | 23/06/14 മുതൽ 5/7/14 വരെ |
| 12. | പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നത് | 10/7/2014 |

ട്രേഡ് ടെസ്റ്റിന്റെ സുഗമമായ നടത്തിപ്പിനായി പരീക്ഷാ കേന്ദ്രങ്ങളായ ഐ.ടി.ഐ.കളിലെ പ്രിൻസിപ്പാൾമാർ അവരവരുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങൾ, ഫോട്ടോകോപ്പിയർ, ഫാക്സ് മെഷീനുകൾ മുതലായവ പ്രവർത്തനക്ഷമമാക്കി വയ്ക്കേണ്ടതാണ്. കൂടാതെ ട്രേഡ് ടെസ്റ്റ് പ്രക്രിയ പൂർത്തിയായി കഴിഞ്ഞതിനുശേഷം സമയക്രമ പട്ടിക പ്രകാരം ഉത്തരക്കടലാസ്സുകൾ മൂല്യ നിർണ്ണയ കേന്ദ്രമായി നിശ്ചയിച്ച കഴക്കൂട്ടം(വനിത) ഐ.ടി.ഐ.യിൽ എത്തിക്കുന്നതിന് പരീക്ഷാ കേന്ദ്രങ്ങളിലെ പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കേണ്ടതാണ്. മൂല്യനിർണ്ണയ കേന്ദ്രമായി നിശ്ചയിച്ചിട്ടുള്ള ഐ.ടി.ഐ.യിലെ പ്രിൻസിപ്പാൾ പ്രസ്തുത ഉത്തരക്കടലാസ്സുകൾ സ്വീകരിച്ച് മൂല്യനിർണ്ണയത്തിന് നടപടി സ്വീകരിക്കേണ്ടതാണ്. പരീക്ഷാഫലം സമയബന്ധിതമായി പ്രഖ്യാപിക്കുന്നതിന്, 'ബി', 'സി' ഫോറങ്ങൾ നിശ്ചയിച്ച തീയതിക്കുള്ളിൽ ഡയറക്ടറേറ്റിൽ ഏൽപിച്ചിട്ടുണ്ട് എന്ന് ട്രെയിനിംഗ് ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

അഡീഷണൽ ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്:- 1. ആർ.ഐ.സെന്ററുകളിലെ ട്രെയിനിംഗ് ഓഫീസർമാർ.
2. എല്ലാ ഐ.ടി.ഐ.കളിലെ പ്രിൻസിപ്പാൾമാർക്കും.
3. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും

പകർപ്പ്:- 1. ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരുടെ സി.എ.മാർ.
2. ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡയറക്ടറേറ്റ്, കണ്ണൂർ.
3. ഡി.എസ്.എ.
4. ഡി.ഡി (റ്റി)
5. റ്റി.റ്റി.ഒ
6. സീനിയർ സൂപ്രണ്ട്(ജി, എച്ച്, ബി)
7. കരുതൽ ഫയൽ
8. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

ഡി.02-05-14(ജി)